നിർമാണപ്രവൃത്തികൾ പ്രതിസന്ധിയിൽ

സമരം; ചെങ്കൽമേഖല സ്തംഭിച്ചു

പൊയിനാച്ചി ▸ ചെങ്കൽ മേഖലയിലെ നിയമലംഘനങ്ങൾക്കെതിരേ ഉദ്യോഗസ്ഥരും, നടപടികൾക്കെതിരേ ഉടമസ്ഥ ക്ഷേമ സംഘവും പടനയിച്ചതോടെ ജില്ലയിലെ ചെങ്കൽ മേഖലയിൽ പ്രശ്നങ്ങൾ വീണ്ടും സങ്കീർണമാകുന്നു. പരിഹാരം ആവശ്യപ്പെട്ട് ചെങ്കൽ ഉത്പാദക ഉടമസ്ഥ ക്ഷേമ സംഘം ഒരാഴ്ച മുൻപ് അനിശ്ചിത കാല സമരവും ഉപവാസവും തുടങ്ങിയതോടെ നിർമാണ മേഖല സ്തംഭനത്തിലേക്ക് നീങ്ങുകയാണ്.

3500 ലേറെ തൊഴിലാളികളെ നേരിട്ടും ഇരട്ടിയിലധികം നിർമാണത്തൊഴിലാളികളെ പരോക്ഷമായും ബാധിക്കുന്നതാണ് പ്രശ്നം. കേരള മൈനർ മിനറൽ കൺസഷൻ ചട്ട ഭേദഗതി 2023-ൽ നിലവിൽവന്ന ശേഷം ചെങ്കൽഖനന മേഖലയിലെ വിഷയങ്ങൾ ചർച്ച ചെയ്യാൻ സർക്കാർ സമിതിയെ നിശ്ചയിച്ചെങ്കിലും, പരിഹാരം വൈകുകയാണ്.

പാരിസ്ഥിതികാനുമതിയും പെർമിറ്റും

ദേശീയ ഹരിത ട്രിബ്യൂണൽ 2018-ൽ നൽകിയ നിർദേശത്തെ തുടർന്ന് ചെങ്കൽ ഖനനത്തിന് അനുമതി നൽകിയിരുന്ന ജില്ലാതല സമിതികളുടെ പ്രവർത്തനം അവസാനിപ്പിച്ചിരുന്നു. സംസ്ഥാനതല അതോറിറ്റിയാണ് അതിനുശേഷം പരിസ്ഥിതികാനുമതി നൽകുന്നത്.

ഇതിന് വർഷങ്ങളോളം കാലതാമസമുണ്ടാകുന്നുവെന്നും പെർമിറ്റ് എടുത്ത് പ്രവർത്തിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളതെന്നുമാണ് ചെങ്കൽ ഉത്പാദകരുടെ ആരോപണം. അപേക്ഷ ലഭിച്ചാൽ ചുരുങ്ങിയത് 60 ദിവസത്തിനുള്ളിൽ അനുമതി ലഭ്യമാക്കണം.

അതേസമയം സംസ്ഥാനതല അതോറിറ്റിയുടെ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടും ചെങ്കൽ പണ ഉടമകൾ പെർമിറ്റ് എടുക്കാൻ തയ്യാറാകുന്നില്ലെന്നാണ് അധികൃതരുടെ വാദം. ചട്ട ഭേദഗതിക്കുശേഷം കൂടിയ റോയൽറ്റി അടക്കേണ്ടതുകാരണം ഖനനം നഷ്ടത്തിലാകുമെന്ന ആശങ്കയാണ് കാരണം.

ജില്ലയിലെ 280 ഓളം ചെങ്കൽ പണകൾ റോയൽറ്റി പ്രശ്നത്തിൽ പെർമിറ്റ് എടുക്കാതെയാണ് പ്രവർത്തിക്കുന്നതെന്നാണ് സൂചന.

സംസ്ഥാനതലസമിതി പാരിസ്ഥിതികാനുമതി നൽകിയ ജില്ലയിലെ 13 ചെങ്കൽ ക്വാറികളും ഇവയിൽപ്പെടുന്നു. പതിച്ചുകൊടുത്ത ഭൂമിയിൽ ഖനനാനുമതി അനുവദിക്കാത്തതും മറ്റൊരു പ്രതിസന്ധിയാണ്.

സ്വല ലഭ്യതയെ ഇത് കാര്യമായി ബാധിച്ചതിനാൽ ലിസ് നിരക്ക് കുത്തനെ കൂടി. ഇക്കാര്യത്തിൽ ഭൂമി പതിച്ചു കൊടുക്കൽ ഭേദഗതി നിയമം വീണ്ടും പരിഷ്കരിച്ച് സർക്കാർ അടുത്തിടെ വിജ്ഞാപനം ചെയ്തത് ഉത്തരവായി ഉടൻ പ്രാബല്യത്തിൽവരുമെന്നതാണ് ആശ്വാസം.

റോയൽറ്റിയും വെയിസ്റ്റേജും

കൺസോളിഡേറ്റഡ് പേയ്മെന്റ് സിസ്റ്റം (സി.ആർ.പി.എസ്.) നിർത്തലാക്കിയത് ഖനനപ്രവൃത്തി മുന്നോട്ടു കൊണ്ടുപോകാൻ പറ്റാത്ത സാഹചര്യമുണ്ടാക്കിയതായി ചെങ്കൽ ഉത്പാദക ഉടമസ്ഥ ക്ഷേമ സംഘം പറയുന്നു.

എന്നാൽ സി.ആർ.പി.എസ്. അശാസ്ത്രീയമാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ നിന്ന് നീക്കംചെയ്തിട്ടുള്ളതിനാൽ പുനഃസ്ഥാപിക്കുക സാധ്യമല്ലെന്നാണ് അധികൃതരുടെ വാദം.

റോയൽറ്റി പുതുക്കിനിശ്ചയിക്കുന്നതിന് മുൻപ് 10 ആർസ് സ്ഥലത്തിന് കൺസോളിഡേറ്റഡ് റോയൽറ്റിയായി 75,000 രൂപയാണ് ഒടുക്കിയിരുന്നത്.

കൺസോളിഡേറ്റഡ് പെയ്മെന്റ് മാറ്റിയ സാഹചര്യത്തിൽ ശരാശരി നാല് മീറ്റർ ആഴത്തിൽ ഖനനം നടത്തിയാൽ നാലായിരം ക്യൂബിക് മീറ്റർ കല്ല് ലഭ്യമാകുമെന്ന നിലയിൽ 4.80 ലക്ഷം രൂപയാണ് റോയൽറ്റി കണക്കാക്കുക.

ഇതിൽ 40 ശതമാനം വേയിസ്റ്റേജ് നിലനിർത്തി കുറവു ചെയ്താൽ തന്നെ ചുരുങ്ങിയത് 2.88 ലക്ഷം രൂപ ഒടുക്കേണ്ടിവരും. 40 ശതമാനം വരെ വെയിസ്റ്റേജ് കുറവുചെയ്ത് ഏകദേശം 5ണ്ണിന് 32 രൂപ റോയൽറ്റി നിരക്ക് അനുവദിക്കണമെന്ന് ബന്ധപ്പെട്ട സമിതി മുൻപാകെ ചെങ്കൽ ഉത്പാദക ഉടമസ്ഥ ക്ഷേമ സംഘം നേരത്തെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തീരുമാനം വന്നിട്ടില്ല.

ഖനനത്തിന് മേൽമണ്ണ് നീക്കാനും പാറ നിരപ്പാക്കാനുമായി മൂന്നുമീറ്റർ മേൽഭാഗത്തുനിന്ന് വേയ്സ്റ്റേജായി കണക്കാക്കി ബാക്കി അളവ് നിശ്ചയിക്കണമെന്നും ഉടമസ്ഥ സംഘം ചൂണ്ടിക്കാട്ടുന്നു. കരിങ്കല്ലിന് തുല്യമായി ഒരു ക്യൂബിക് മീറ്റർ ചെങ്കല്ല് 2.5 ടൺ ആണെന്നുള്ള പരമ്പരാഗത രീതി പുനഃപരിശോധിക്കുകയും ചെങ്കല്ലിന്റെ ബൾക്ക് ഡെൻസിറ്റി നിശ്ചയിക്കുകയുംവേണം.

ഖനനഭൂമി കൃഷിയിടമാക്കണം

ക്വാറിയിന് പെർമിറ്റ് കിട്ടുന്നവർ ഖനനാനുമതി ലഭിച്ച് ആദ്യ മൂവ്മെന്റ് പെർമിറ്റിന് അപേക്ഷിക്കുന്നതിന് മുൻപായി രണ്ടുലക്ഷം രൂപയുടെ ഫിനാൻഷ്യൽ ഗാരന്റി ഹാജരാക്കണമെന്ന് ചട്ടം 13-ൽ വ്യവസ്ഥയുണ്ട്.

കൃത്യമായി മൈൻ ക്ലോഷർ പ്ലാൻ സമർപ്പിച്ച് വ്യവസ്ഥകൾ പൂർത്തിയാക്കുന്നവർക്ക് പലിശയടക്കം ഗാരന്റി തുക തിരിച്ചുനൽകുന്നതാണ് ഈ വ്യവസ്ഥ. എന്നാൽ, കൃഷിഭൂമിയാക്കി മാറ്റുന്നതിനുവേണ്ടി ചെങ്കൽഖനനം നടത്തുന്നതിനാൽ കൃഷി ഭൂമിയാക്കി മാറ്റും എന്ന സത്യവാങ്മൂലം മാത്രം വാങ്ങി ബാങ്ക് ഗ്യാരന്റി ഒഴിവാക്കണമെന്നാണ് ഉത്പാദകരുടെ ആവശ്യം.

ചെങ്കൽ ഖനന പെർമിറ്റിന് അനുമതി ലഭിക്കുന്നതിന് മുൻപായി സ്ഥലമുടമയുമായി കരാർ രജിസ്റ്റർചെയ്യണമെന്നാണ് ചട്ടഭേദഗതിയിലെ മറ്റൊരു ഉപാധി. ചെങ്കൽ ഖനനം ഒരുസ്ഥലത്ത് ചെറിയ കാലയളവിൽ മാത്രമേ ഉണ്ടാകൂ എന്നതിനാലും രജിസ്ട്രാർ ഓഫീസിൽവന്ന് രജിസ്റ്റർചെയ്യുന്നതരൻ സ്ഥലമുടമകൾക്കും വിമുഖതകാണിക്കുന്നതിനാലും മുൻപ് സ്വീകരിച്ചിരുന്നതുപോലെ നോട്ടറി സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം രേഖയായി കണക്കാക്കണമെന്നാണ് ചെങ്കൽ ഉടമസ്ഥ സംഘത്തിന്റെ നിലപാട്.

മുൻ ചട്ടങ്ങളിലെ സങ്കേതികമായ അപര്യാപ്തയെ മറികടക്കാനുള്ള ഭേദഗതിയിൽ മാറ്റം നിർദേശിക്കുവാൻ പക്ഷേ, ഉദ്യോഗസ്ഥർ യോജിക്കുന്നില്ല.

ഓൺലൈൻ സംവിധാനം കടലാസിൽ

ചെങ്കൽ മൂവ്മെന്റ് പെർമിറ്റുകൾക്കും പാസുകൾക്കും മലപ്പുറം മോഡലിൽ ഓൺലൈൻ സംവിധാനം നടപ്പാക്കാൻ ശ്രമം നടന്നെങ്കിലും ഫലിക്കാത്ത സ്ഥിതിയാണ്. ഒരു മാസമോ ആറുമാസമോ ചെയ്യുന്ന പ്രവൃത്തിയായതിനാൽ വ്യവസായ സ്ഥാപനങ്ങളിലേതുപോലെ കംപ്യൂട്ടറും മറ്റുസംവിധാനങ്ങളും ഏർപ്പെടുത്താൻ പറ്റില്ലെന്നും ഗ്രാമങ്ങളിലെ ഇന്റർനെറ്റ് ലഭ്യതക്കുറവ് ബുദ്ധിമുട്ടുണ്ടാക്കുമെന്നുമാണ് ചെങ്കൽ ഉടമസ്ഥസംഘത്തിന്റെ പക്ഷം.

മൈനിന് ആൻഡ് ജിയോളജി വകുപ്പും റവന്യൂ വിഭാഗവും പിടിച്ചെടുക്കുന്ന വാഹനങ്ങളെ പിഴയടച്ചാലും വിട്ടുകിട്ടാൻ മാസങ്ങളോളം കാലതാമസം ഉണ്ടാകുന്നുവെന്നാണ് ആരോപണം.

സ്റ്റാഡ് ക്വാറി അളക്കുമ്പോഴും മുൻ കാലങ്ങളിൽ വെട്ടിപ്പോയ ഭാഗം കൂടി ചേർത്ത് അളക്കുന്നതും വെയ്സ്റ്റേജ് കണക്കാക്കാത്തതും ലക്ഷക്കണക്കിന് രൂപയുടെ ബാധ്യത ഉണ്ടാക്കുന്നുവെന്ന് ഉടമസ്ഥ സംഘം പറയുന്നു. ഇത്തരത്തിൽ ലക്ഷക്കണക്കിന് രൂപ അടക്കാൻ നോട്ടീസ് ലഭിച്ച വർക്ക് മുൻപിൽ പരിഹാരവഴികളില്ല.

പണ തുടങ്ങുമ്പോഴും ഒരു സ്ഥലത്തുനിന്നും എത്ര ചെങ്കല്ല് കിട്ടുമെന്ന് മുൻകൂട്ടി നിർണയിക്കുക സാധ്യമല്ല. നിർഭാഗ്യവശാൽ ചെങ്കൽ ലഭ്യത കുറഞ്ഞാൽ മുന്നൊരുക്കത്തിന് ചെലവാക്കിയ തുക പാഴാകുമെന്നും ഇവർ പറയുന്നു.

ചീമേനിയിൽ ആണവനിലയ വിരുദ്ധ കൺവെൻഷൻ

ചീമേനിയിൽ നടന്ന ആണവനിലയ വിരുദ്ധ കൺവെൻഷൻ ഗ്രീൻ മൂവ്മെന്റ് പ്രവർത്തകൻ എപി. അനിൽകുമാർ ഉദ്ഘാടനംചെയ്യുന്നു

ചീമേനി ▸ ജനകീയ സമിതിയുടെ നേതൃത്വത്തിൽ ചീമേനിയിൽ ആണവനിലയ വിരുദ്ധ കൺവെൻഷൻ നടത്തി. ഗ്രീൻ മൂവ്മെന്റ് പ്രവർത്തകൻ എ.പി. അനിൽകുമാർ കൺവെൻഷൻ ഉദ്ഘാടനംചെയ്തു. സാമൂഹിക സാംസ്കാരിക, പാരിസ്ഥിതിക രംഗത്തെ പ്രമുഖരും നാട്ടുകാരും പങ്കെടുത്തു.

ഇറ്റലി, ജർമനി, ബെൽജിയം, സ്വിറ്റ്സർലാൻഡ് തുടങ്ങിയ ലോക രാജ്യങ്ങൾ ആണവനിലയങ്ങളും ഉപേക്ഷിക്കുമ്പോൾ നമ്മുടെ അതിന് പിറകെ പോകുന്നത് ഒരിക്കലും ആധുനിക സമൂഹത്തിന് യോജിച്ചതല്ല. ചീമേനി പോലെ രാഷ്ട്രീയപ്രബുദ്ധതയുള്ള മണ്ണിൽ ഇതിനെതിരേ ശക്തമായ പ്രതിരോധം തീർത്തേ മതിയാവൂ എന്ന് കൺവെൻഷൻ ആവശ്യപ്പെട്ടു.

പരിസ്ഥിതി പ്രവർത്തകനും എഴുത്തുകാരനുമായ കെ. സഹദേവൻ വിഷയം അവതരിപ്പിച്ചു. കെ.എം. ദാമോദരൻ അധ്യക്ഷനായി. ഡോ. ഡി. സുരേന്ദ്രനാഥ്, പ്രൊഫ. എം. ഗോപാലൻ, കെ.പി. രാമചന്ദ്രൻ, ടി.വി. രാജേന്ദ്രൻ, ആർ. നന്ദലാൽ, വിനോദ് രാമന്തളി, അമ്പലത്തറ കുഞ്ഞിക്കൃഷ്ണൻ, സുരേഷ് ചീമേനി, സുമേഷ് കരിമ്പിൽ എന്നിവർ സംസാരിച്ചു.

ഫെയർസ്റ്റേജ് അപാകം:ആർ.ടി.ഒ. റിപ്പോർട്ട് തേടി

കാഞ്ഞങ്ങാട് ▸ മലയോരറൂട്ടുകളിലെ ഫെയർസ്റ്റേജ് പ്രശ്നത്തിൽ ആർ.ടി.ഒ. സമിപ്രസാദ് കാഞ്ഞങ്ങാട് സബ് റീജണൽ ഓഫീസറിൽനിന്നും റിപ്പോർട്ട് തേടി. ഫെയർസ്റ്റേജ് അപാകത്തിന്റെ പേരിൽ സാധാരണക്കാരുടെ കീശ ചോരുന്നതിനെ കുറിച്ച് കഴിഞ്ഞ ദിവസം മാതൃഭൂമി വാർത്ത നൽകിയിരുന്നു. മലയോര ബസ്സർവീസുകൾക്ക് കിഴക്കുംകര സ്റ്റേജിലല്ലെന്ന വിവരാവകാശരേഖയിലെ കണ്ടെത്തലിലൂടെയാണ് ഫെയർസ്റ്റേജ് അപാകം പുറത്തറിഞ്ഞത്.

കിഴക്കുംകര ഫെയർസ്റ്റേജ് ഒഴിവായാൽ മലയോരത്തേക്കുള്ള ടിക്കറ്റ് നിരക്കിൽ രണ്ടു രൂപ മുതൽ മൂന്നുരൂപ വരെ കുറവുണ്ടാകും. കിഴക്കുംകര വഴി മടിക്കൈ ഭാഗത്തേക്കും കാസർകോട് റൂട്ടിലും സർവീസ് നടത്തുന്ന ബസ്സുകൾക്കെല്ലാം മാവുങ്കാലിലേക്ക് മിനിമം നിരക്കായ 10 രൂപയാണ് ടിക്കറ്റ് ചാർജ്. എന്നാൽ, മലയോരബസ്സുകൾക്കു 13 രൂപയാണ് മാവുങ്കാലിലേക്ക് യാത്രക്കാരിൽനിന്നും റിപ്പോർട്ട് തേടി. ഫെയർസ്റ്റേജ് അപാകത്തിന്റെ പേരിൽ സാധാരണക്കാരുടെ കീശ ചോരുന്നതിനെ കുറിച്ച് കഴിഞ്ഞ ദിവസം മാതൃഭൂമി വാർത്ത നൽകിയിരുന്നു. മലയോര ബസ്സർവീസുകൾക്ക് കിഴക്കുംകര സ്റ്റേജിലല്ലെന്ന വിവരാവകാശരേഖയിലെ കണ്ടെത്തലിലൂടെയാണ് ഫെയർസ്റ്റേജ് അപാകം പുറത്തറിഞ്ഞത്.

ഫെയർസ്റ്റേജ് അപാകത്തിന് പരിഹാരമില്ല

ചോരുന്നത് സാധാരണ യാത്രക്കാരുടെ കീശ

ഫെയർസ്റ്റേജ് ദൂരത്തിലും യാത്രാദൂരം കണക്കാക്കിയുള്ള ഫെയർ സ്റ്റേജിനിർണയത്തിലും മലയോര റൂട്ടുകളിൽ അപാകമുണ്ടെന്നാണ് യാത്രക്കാർ വാദിക്കുന്നത്. രണ്ടര കിലോമീറ്റർ യാത്രയ്ക്കാണ് ഒരു സ്റ്റേജ് കണക്കാക്കുന്നത്. എന്നാൽ, പല മലയോരറൂട്ടുകളിലും ഇതിലും കുറഞ്ഞ ദൂരത്തിന് ഫെയർസ്റ്റേജുള്ളതായി ചൂണ്ടിക്കാട്ടുന്നു. കാഞ്ഞങ്ങാട്-കൊന്നക്കാട് റൂട്ടിന് 53.9 കിലോമീറ്റർ ദൈർഘ്യമുണ്ടെന്നാണ് മോട്ടോർവാഹനവകുപ്പിന്റെ ഫെയർസ്റ്റേജ് നിർണയ രേഖയിൽ പറയുന്നത്.

എന്നാൽ, പൊതുമരാമത്ത് വകുപ്പിന്റെ രേഖകളിലും സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് ലഭിക്കാൻ കൊടുത്ത രേഖയിലും 49 കിലോമീറ്ററാണ് ഈ റൂട്ടിന്റെ ദൂരം.

ഇതേരീതിയിൽ ഏഴാം മൈൽ-തായന്നൂർ-കാലിച്ചാനടുക്കം, പരപ്പ-കൊന്നക്കാട് റൂട്ടുകളിൽ കുറഞ്ഞ ദൂരവ്യത്യാസത്തിൽ ഫെയർസ്റ്റേജ് നിലവിലുള്ളതായി യാത്രക്കാർ ചൂണ്ടിക്കാട്ടുന്നു.

ടയർ റീസോളിങ് മേഖലയിലെ അനുബന്ധ ഉത്പന്നങ്ങളുടെ വില നിയന്ത്രിക്കണം

കേരള ടയർ റീ ത്രെഡിങ് അസോസിയേഷൻ ജില്ലാ കൺവെൻഷൻ സംസ്ഥാന സെക്രട്ടറി ടി.കെ.സുനിൽ കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

കാസർകോട് ▸ ടയർ റീസോളിങിന് ആവശ്യമായ ടെഡ് റബ്ബർ, അനുബന്ധ വസ്തുക്കൾ എന്നിവയുടെ വിലക്കയറ്റം നിയന്ത്രിക്കണമെന്ന് കേരള ടയർ റിത്രെഡിങ് അസോസിയേഷൻ ജില്ലാ കൺവെൻഷൻ ആവശ്യപ്പെട്ടു. വൈദ്യുതിനിരക്ക് വർധനയും കൂടിയാകുമ്പോൾ റിസോളിങ് വ്യവസായം വൻ പ്രതിസന്ധിയിലാണ്. ആയതിനാൽ, ഒക്ടോബർ ഒന്നുമുതൽ നേരിയ തോതിൽ വിലവർധനയ്ക്ക് റിസോളിങ് വ്യാപാരികൾ നിർബന്ധിതരായിരിക്കുകയാണെന്നും കൺവെൻഷൻ ചൂണ്ടിക്കാട്ടി.

സംസ്ഥാന സെക്രട്ടറി ടി.കെ. സുനിൽകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കെ.പി.രവീന്ദ്രൻ അധ്യക്ഷനായി. സംസ്ഥാനകമ്മിറ്റിയംഗം പദ്മനാഭൻ, ജില്ലാ ഭാരവാഹികളായ ബാലചന്ദ്രൻ, വിനോദ്കുമാർ, നിത്യാനന്ദൻ, തോമസ് മാലക്കല്ല് എന്നിവർ സംസാരിച്ചു.

ടെക്നിക്കൽ അസിസ്റ്റന്റ് ഒഴിവ്

കാസർകോട് ▸ സ്റ്റേറ്റ് ഹെൽത്ത് സിസ്റ്റംസ് റിസോഴ്സ് സെന്റർ നടക്കുന്ന ഐ.സി.എം.ആർ. റിസർച്ചിലേക്ക് പ്രോജക്ട് ടെക്നിക്കൽ അസിസ്റ്റന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. സയൻസ്, ഹെൽത്ത്, സോഷ്യൽ സയൻസ് എന്നിവയിലുള്ള ബിരുദവും മൂന്നുവർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. അല്ലെങ്കിൽ ഇതര വിഷയത്തിലുള്ള ബിരുദാനന്തര ബിരുദം. പ്രായപരിധി: 35 വയസ്സ്. അപേക്ഷകൾ 30-ന് വൈകിട്ട് അഞ്ചിനകം സമർപ്പിക്കണം. വെബ്സൈറ്റ്:www.shsrc.kerala.gov.in.

അധ്യാപക ഒഴിവ്

ബളാൽ ▸ ഗവ ഹയർ സെക്കൻഡറി സ്കൂളിൽ ഹൈസ്കൂൾ ഇംഗ്ലീഷ് അധ്യാപകൻ. അഭിമുഖം 25ന് 11 മണിക്ക്.

ചെമ്മനാട് ▸ ഗവ. ഹയർസെക്കൻഡറി സ്കൂളിൽ യു.പി.എസ്.ടി. (മലയാളം) ഒഴിവ്. അഭിമുഖം 27-ന് 10-ന്. ഫോൺ: 9495795061.

ബേക്കൽ ▸ ഗവ. ഫിഷറീസ് ഹയർ സെക്കൻഡറി സ്കൂളിൽ എച്ച്.എസ്.ടി. മാത്തമാറ്റിക്സ് (മലയാളം) അധ്യാപക ഒഴിവ്. അഭിമുഖം വ്യാഴാഴ്ച രാവിലെ 10.30-ന്.

ലേബർ ക്യാമ്പുകളിൽ എലിപ്പനി

കാസർകോട് ▸ ജില്ലയിൽ ചില പ്രദേശങ്ങളിൽ തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ എലിപ്പനി റിപ്പോർട്ട് ചെയ്തു. ഈ സാഹചര്യത്തിൽ എലിപ്പനി ക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ.വി.രാംദാസ് അറിയിച്ചു. ലെപ്റ്റോസ്പൈറോസിസ് ബാക്ടീരിയ മൂലമുണ്ടാകുന്ന അണുബാധയാണ് എലിപ്പനി. ഇത് മനുഷ്യരെയും നാല്കാലിയെയും എലികളെയും മറ്റ് വന്യമൃഗങ്ങളെയും വളർത്തുമൃഗങ്ങളെയും ബാധിക്കും.

ലക്ഷണങ്ങൾ

പനി, തലവേദന, കാലുകളിലെ പേശികളിൽ വേദന, കണ്ണിന് മഞ്ഞ-ചുവപ്പ് നിറം, മൂത്രത്തിന്റെ അളവ് കുറഞ്ഞ് കടുത്ത നിറം എന്നിവയാണ് എലിപ്പനിയുടെ പ്രധാന ലക്ഷണങ്ങൾ. പനിയോടൊപ്പം മഞ്ഞപ്പിത്തത്തിന്റെ ലക്ഷണങ്ങൾ കൂടി കണ്ടാൽ എലിപ്പനി സംശയിക്കാം. രോഗം ഗുരുതരമായാൽ മരണത്തിനും കാരണമാകും.

ഇവർ ശ്രദ്ധിക്കണം

കെട്ടിക്കിടക്കുന്ന വെള്ളത്തിലും ഓടകളിലും ഇറങ്ങി ജോലിചെയ്യുന്നവർ, മൃഗപരിപാലകർ, കെട്ടിടനിർമാണ തൊഴിലാളികൾ, ദേശീയപാതയുടെ നിർമാണവുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നവർ, തൊഴിലുറപ്പ് തൊഴിലാളികൾ, ശുചീകരണ തൊഴിലാളികൾ തുടങ്ങിയവർക്ക് രോഗബാധയേൽക്കാൻ സാധ്യതയേറെയാണ്. ഇവർ കൂടുതൽ ശ്രദ്ധിക്കണം.

പ്രതിരോധമരുന്ന് കഴിക്കണം

രോഗബാധയ്ക്ക് സാധ്യതയുള്ളവർ ഡോക്ടറുടെ നിർദേശപ്രകാരം പ്രതിരോധമരുന്നായ ഡോക്സിസൈക്ലിൻ കഴിക്കണം. ഡോക്സിസൈക്ലിൻ എല്ലാ സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽനിന്നും സൗജന്യമായി ലഭിക്കും. രോഗസാധ്യത കൂടിയ ഇടങ്ങളിൽ ജോലി ചെയ്യുന്നവർ കൈയുറയും കാലുറയും ധരിക്കുന്നത് അഭികാമ്യമാണ്.

രോഗസാധ്യത കൂടിയ ഇടങ്ങളിൽ ജോലി ചെയ്തിട്ടുള്ളവർ പനി അനുഭവപ്പെട്ടാൽ ഉടനടി ചികിത്സ തേടണം. ഡോക്ടറോട് ജോലി ചെയ്ത ഇടത്തെ കുറിച്ച് സൂചിപ്പിക്കുകയും അസുഖവിവരം അടുത്തുള്ള ആരോഗ്യപ്രവർത്തകരെ അറിയിക്കുകയും ചെയ്യണം. സ്വയം ചികിത്സ പാടില്ല.

തടയാനുള്ള വഴി

എലിപ്പനി വരാതിരിക്കാൻ മുൻകരുതലുകൾ വേണം. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ഇറങ്ങുകയോ കുളിക്കുകയോ കൈകാലുകളും മുഖവും കഴുകുകയോ ചെയ്യാതിരിക്കുക. എലി, അണ്ണാൻ, പൂച്ച, പട്ടി, മുയൽ, കന്നുകാലികൾ തുടങ്ങിയവയുടെ വിസർജ്യങ്ങൾ കലർന്ന ജലവുമായി സമ്പർക്കം ഉണ്ടാകുന്നതും രോഗാണുക്കൾ നിറഞ്ഞ ആഹാരവും വെള്ളവും ഉപയോഗിക്കുന്നതും എലിപ്പനിക്ക് കാരണമാകും.

* ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയാതെ സംസ്കരിക്കുക.
* പഴങ്ങളും പച്ചക്കറികളും ശുദ്ധജലത്തിൽ നന്നായി കഴുകി ഉപയോഗിക്കുക.
* അവൽ പോലുള്ള ഭക്ഷണപദാർത്ഥങ്ങൾ വൃത്തിയുള്ള സാഹചര്യത്തിൽ തയ്യാറാക്കിയവ മാത്രം ഉപയോഗിക്കുക.
* തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാൻ ഉപയോഗിക്കുക.
* ശീതളപാനീയ കുപ്പികളും പാട്ടുറ്റുകളും കുടിവെള്ള കുപ്പികളും മറ്റു ഭക്ഷണപാക്കറ്റുകളും എലി കയറാത്ത രീതിയിൽ സൂക്ഷിക്കുക. സൂക്ഷിച്ച് വിൽപ്പന നടത്താൻ കച്ചവടക്കാർ ശ്രദ്ധിക്കണം. ഇത്തരം പാക്കറ്റുകളും കുപ്പികളും വൃത്തിയാക്കിയ ശേഷം പൊട്ടിച്ച് ഉപയോഗിക്കാനും ശ്രദ്ധിക്കണം.

മഞ്ഞ, പിങ്ക് കാർഡ് ഉടമകൾ മസ്റ്ററിങ് നടത്തണം

സമയം ഉച്ചയ്ക്ക് 12 മുതൽ നാലുവരെ

കാസർകോട് ▸ ജില്ലയിലെ അന്ത്യോദയ (മഞ്ഞ കാർഡ്), മുൻഗണന (പിങ്ക് കാർഡ്) വിഭാഗത്തിൽപ്പെട്ട മുഴുവൻ അംഗങ്ങളും ഒക്ടോബർ മൂന്നിനും എട്ടിനും ഇടയിൽ റേഷൻകടകളിലെത്തി മസ്റ്ററിങ് നടത്തണം.

റേഷൻ കടകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാതിരിക്കാൻ ഇടവേളസമയമായ ഉച്ചയ്ക്ക് 12 മുതൽ വൈകിട്ട് നാലുവരെയുള്ള സമയം മസ്റ്ററിങിന് ഉപയോഗിക്കണമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു.

മഹിളാ കോൺഗ്രസ് പതാക ദിനാചരണം

മഹിളാ കോൺഗ്രസ് പതാകദിനാചരണം ജില്ലാതല ഉദ്ഘാടനം ചുരിത്തോട് ജില്ലാ പ്രസിഡന്റ് മിനി ചന്ദ്രൻ നിർവഹിക്കുന്നു

ബന്തടുക്ക ▸ മഹിളാ കോൺഗ്രസ് പതാകദിനാചരണം ജില്ലാതല ഉദ്ഘാടനം കുറ്റിക്കോൽ മണ്ഡലം ചുരിത്തോട് നടന്നു. ജില്ലാ പ്രസിഡൻറ് മിനി ചന്ദ്രൻ പതാക ഉയർത്തി. മുളിയാർ ബ്ലോക്ക് പ്രസിഡൻറ് ലില്ലി തോമസ് അധ്യക്ഷയായി. കോൺഗ്രസ് കുറ്റിക്കോൽ മണ്ഡലം പ്രസിഡൻറ് എ.വി. സന്തോഷ്, രമ്യ നിശാന്ത്, നിഷ അരവിന്, സെലിൻ മാത്യു, തങ്കമണി, ജിനി ജെയ്സൺ, ജിൻസി അനിഷ്, പ്രിയ വേണു, ഹേമാവതി എന്നിവർ സംസാരിച്ചു.

സിനിമ

ചെറുവത്തൂർ-പാക്കനാർ 2K-3D7.t
04672260247
ഇ. ARM 2D (ത) 11.00, 2.00, 4.45, 7.30, 10.30

കാവേരി സിനിമാസ് Ph: 8848733043
കർമ്മംതോടി-മുള്ളേരിയ
ഇ. കിച്ചിലം കാലം (മ) 10.30, 1.30, 4.30, 7.30, 10.30
ഇ. ARM (മ) 10.30, 1.30, 4.30, 7.30, 10.30

ക്യാമ്പ് ഓഫീസ് അസിസ്റ്റന്റ്

കാസർകോട് ▸ കളക്ടറുടെ ക്യാമ്പ് ഓഫീസിലേക്ക് ക്യാമ്പ് ഓഫീസ് അസിസ്റ്റന്റ് കം കുക്ക് തസ്കിയിൽ ഒഴിവ്.

എഴുപതും വിദ്യാഭ്യാസയോഗ്യതയുള്ള ഹൗസ് കീപ്പിങ് മേഖലയിൽ പരിചയമുള്ളവർക്ക് മുൻഗണന. പ്രതിമാസം 15,000 രൂപ വേതനം ലഭിക്കും. സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 30 വൈകിട്ട് നാലിനകം അപേക്ഷിക്കണം.

അപേക്ഷ ജില്ലാ കളക്ടറുടെ സി.എം., കളക്ടറേറ്റ്, കാസർകോട് പിൻ 671121 എന്ന വിലാസത്തിൽ നേരിട്ടോ തപാൽവഴിയോ സമർപ്പിക്കാം.

SOUTH INDIAN Bank

റീജണൽ ഓഫീസ് കണ്ണൂർ
എസ്.ഐ.ബി. ഹൗസ്, പാലോട് - അലവിൽ റോഡ്, കണ്ണൂർ
പിൻ: 670 004, കേരള, ഫോൺ: +91 497 2702233/34/35
email: ro1016@sib.co.in, CIN No.L65191KL1929PLC001017
ജി. ഓഫീസ്: എസ്.ഐ.ബി ഹൗസ്, നിലമ്പൂർ-680001, കേരള, ഫോൺ: 0487 2420020
E-mail: sibcorporate@sib.co.in, Website: www.southindianbank.com

**വസ്തു ഇ-ലേല വിൽപ്പന നോട്ടീസ് [റൂൾ-8 (6) & 9(